A

സർവ ശിക്ഷാ അഭിയാൻ

7001

# അർദ്ധവാർഷിക മൂല്യനിർണയം 2017-18

## കല, പ്രവൃത്തി, ആരോഗ്യകായിക വിദ്യാഭ്യാസം

ക്ലാസ് : 7 സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. പ്രവൃത്തിപഠനം, ആരോഗ്യകായികവിദ്യാഭ്യാസം എന്നിവയിൽ നൽകിയിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്. കലാ പഠനത്തിൽ ചിത്രകല, സംഗീതം, നൃത്തം നാടകം എന്നീ വിഭാഗങ്ങളിൽ ഏതെങ്കിലും ഒരു വിഭാഗത്തിന് ഉത്തരമെഴുതിയാൽ മതിയാകും.
3. മൂന്നു വിഭാഗങ്ങളിലായി ചോദ്യങ്ങൾ നൽകിയിരിക്കുന്നു. അവയ്ക്ക് വ്യത്യസ്തമായ മൂന്ന് പേപ്പറുകളിലായി ഉത്തരമെഴുതണം. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്നമ്പർ, ക്ലാസ്സ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തണം.
4. മൂന്ന് വിഭാഗങ്ങൾക്കായി ആകെ രണ്ടു മണിക്കൂർ സമയം അനുവദിക്കും. ഓരോ വിഷയത്തിനും നാൽപത് മിനുട്ട് സമയമാണ് ലഭിക്കുന്നത്.

### വിഭാഗം 1 - കലാപഠനം

മേഖല - ചിത്രകല

1. ചേരുംപടി ചേർക്കുക

| | |
|---|---|
| രാംകിങ്കർ | വാക്കുകളും പ്രതീകങ്ങളും |
| കെ.എസി.എസ് പണിക്കർ | ക്യൂബിസം |
| വിൻസെന്റ് വാൻഗോഗ് | ശില്പം |
| പാബ്ലോപിക്കാസോ | സൂര്യകാന്തിപ്പൂക്കൾ |

2. "വേനലവധിയാണ്. മാവിൻ ചുവട്ടിൽ എല്ലാവരും ഒത്തുകൂടി. ചിലർ മാവിലേയ്ക്ക് വലിഞ്ഞു കയറുന്നു. ലേഖയും അലീനയും ഊഞ്ഞാലാടുന്നു. ആമിന മാങ്ങ പെറുക്കി കൂട്ടുന്ന തിരക്കിലാണ്. മാവിൽ കല്ലെറിയുന്നവരുമുണ്ട്. അണ്ണാറക്കണ്ണനും പലതരം പക്ഷികളും എല്ലാ മാവിൻ കൊമ്പുകളിലുമുണ്ട്. കളിസ്ഥലവും തണലും ഇടയ്ക്ക് നല്ല ചക്കരമാമ്പഴവും തരുന്ന ഈ മുത്തശ്ശിമാവിനെ ഞങ്ങൾക്ക് എന്ത് ഇഷ്ടമാണെന്നോ."

■ മുകളിൽ നൽകിയിരിക്കുന്ന സൂചനകൾ അനുസരിച്ച് 'മാവിൻ ചുവട്ടിലെ കളികൾ' എന്ന ചിത്രം വരച്ച് നിറം കൊടുക്കുക. വരയ്ക്കുന്നതിന് പേന, മാർക്കർ, കറുത്ത നിറത്തിലുള്ള ക്രയോൺ, ബ്രഷ് എന്നിവ ഉപയോഗിക്കാം.

3. ചുമർ ചിത്ര രചനയും രേഖാ ചിത്രീകരണവും തമ്മിലുള്ള വ്യത്യാസമെന്ത്?

## മേഖല - സംഗീതം

1. സപ്തസ്വരങ്ങളിൽ അടിസ്ഥാനസ്വരമായ 'സ' യുടെ പൂർണ്ണരൂപം എഴുതുക.
   (മധ്യമം, ഷഡ്ജം, ധൈവതം)
2. സോപാന സംഗീതാലാപന ശൈലിയോട് സാമ്യത നിലനിർത്തി പാടുന്ന ഗാന ശാഖ.
   (ഭദ്രകാളിപാട്ട്, വേലകളിപാട്ട്, കഥകളി സംഗീതം)
3. പുരന്ദരദാസർ ഏത് സംഗീത ശാഖയുടെ പിതാവാണ്.
   (രവീന്ദ്രസംഗീതം, ഹിന്ദുസ്ഥാനിസംഗീതം, കർണ്ണാടകസംഗീതം)
4. പാശ്ചാത്യ വാദ്യോപകരണങ്ങൾ / പൗരസ്ത്യ വാദ്യോപകരണങ്ങൾ ഇവ തരം തിരിച്ച് എഴുതുക.
   (വയലിൻ, വീണ, ജാസ്, ഗിറ്റാർ, മൃദംഗം, നാദസ്വരം)
5. സിനിമകളിലൂടെയോ മറ്റ് ജനകീയ മാധ്യമങ്ങളിലൂടെയോ കലാരൂപങ്ങളിലൂടെയോ കേട്ട് പരിചിതമായ ഒരു താരാട്ട് പാട്ടിന് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.
6. പശ്ചാത്തല സംഗീതത്തോടൊപ്പമുള്ള ആലാപനം ഗായകനും ആസ്വാദകനും ഒരേ പോലെ ആസ്വാദ്യകരമാണ്. കാരണങ്ങൾ എഴുതുക.

## മേഖല -നൃത്തം

1. പ്രശസ്തരായ ചില കലാ പ്രതിഭകളുടെ പേരുകൾ ചുവടെ കൊടുക്കുന്നു. അവർ ഏതു മേഖലയിലാണ് കഴിവുതെളിയിച്ചതെന്ന് കണ്ടെത്തി എഴുതുക.

| | |
|---|---|
| a) മാർഗ്ഗി സതി | • ഭരതനാട്യം |
| b) ഡോ.പത്മാസുബ്രഹ്മണ്യം | • കഥകളി |
| c) കലാമണ്ഡലം കൃഷ്ണൻ നായർ | • കേരളനടനം |
| d) കലാമണ്ഡലം ലീലാമ്മ | • കൂടിയാട്ടം |
| e) ഗുരുഗോപിനാഥ് | • മോഹിനിയാട്ടം |

2. നിങ്ങൾക്ക് പരിചിതമായ ഏതാനും മുദ്രകൾ (രണ്ടുകൈ ഉപയോഗിച്ച് കാണിക്കുന്നവ) താഴെ കൊടുക്കുന്നു. അനുയോജ്യമായ പ്രയോഗങ്ങൾ തെരഞ്ഞെടുത്തെഴുതുക.

a)


• നമസ്കരിക്കുക

b)


• വെള്ളമെടുക്കുക

c)


• വസ്തുക്കളെ ഒളിപ്പിച്ചു വയ്ക്കുക

d)


• മത്സ്യം

e)


• പിണഞ്ഞിരിക്കുന്ന പാമ്പുകൾ

3. വിദ്യാലയത്തിലെ സ്വാതന്ത്ര്യ ദിനാഘോഷവുമായി ബന്ധപ്പെട്ട് സംഘ നൃത്താവിഷ്കാരം നടക്കുന്നു എന്നു കരുതുക. മികച്ച നൃത്ത സംഘത്തെ തെരഞ്ഞെടുക്കാൻ ഏതൊക്കെ കാര്യങ്ങളാണ് പരിഗണിക്കേണ്ടത്? (അഞ്ച് സൂചകങ്ങൾ കണ്ടെത്തുമല്ലോ)

മേഖല -നാടകം

ഏറെ പ്രസിദ്ധമായ ഒരു സിനിമാ ഗാനമാണിത്...
ഒരു നാടകത്തിന്റെ ഭാഗമായി ഈ ഗാനം
സ്റ്റേജിൽ അവതരിപ്പിക്കേണ്ടതുണ്ട്.....
ഗാനം വായിച്ചു നോക്കൂ.......

അണ്ണാരക്കണ്ണാവാ പൂവാല
ചങ്ങാത്തം കൂടാൻ വാ
മൂവാണ്ടൻ മാവേൽ വാ വാ
ഒരു പുന്നാര തേൻ കനി താ താ
നങ്ങേലി പശുവിന്റെ പാല്
വെള്ള പിഞ്ഞാണത്തിൽ നിനക്കേകാം..
(അണ്ണാറാക്കണ്ണാവാ)

1. ഈ ഗാനം സന്തോഷകരമായ ഒരു സന്ദർഭത്തിലാണെങ്കിൽ, ആ സന്ദർഭവും, ഗാനരംഗവും, കഥാപാത്രങ്ങൾ ആരൊക്കെയാണെന്നും വിശദീകരിക്കുക.
2. അവരുടെ പ്രവൃത്തികൾ (Actions)നിങ്ങളുടെ ഭാവനയ്ക്ക് അനുസരിച്ച് വിവരിക്കുക.
3. ദു:ഖകരമായ സന്ദർഭം ഒരുക്കാൻ ഈ ഗാനത്തിന് സാധിക്കുമോ? ഇല്ലായെങ്കിൽ എന്തുകൊണ്ട്? ഉണ്ട് എങ്കിൽ ഏത് സന്ദർഭവുമായി ഈ ഗാനത്തെ കോർത്തിണക്കാം?

ഗാനരംഗവും, കഥാപാത്രങ്ങളുടെ പ്രവൃത്തിയും വിവരിക്കുക.

## വിഭാഗം 2 - പ്രവൃത്തിപഠനം


1 മുതൽ 3 വരെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം

1. പൈനാപ്പിൾ സംസ്കരിച്ച് ഉണ്ടാക്കുന്ന രണ്ട് ഉൽപ്പന്നങ്ങളുടെ പേരെഴുതുക.
2. പ്ലാസ്റ്റർ ഓഫ് പാരീസ് കൊണ്ട് ഉണ്ടാക്കാവുന്ന രണ്ട് വ്യത്യസ്ത ഗൃഹാലങ്കാര വസ്തുക്കളുടെ പേരെഴുതുക
3. എംബ്രോയ്ഡറിയുടെ / അലങ്കാരത്തയ്യലിന്റെ റാണി എന്ന് പറയുന്നത് ഏത് തയ്യലിനെയാണ്?


4 മുതൽ 8 വരെ ഉള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

4. GI ഷീറ്റുകളുടെ കനം SWGയിൽ പറയാറുണ്ട്. എന്താണ് SWGയുടെ പൂർണ്ണ രൂപം?
5. എന്താണ് ബഡ്ഡിങ്?

6. താഴെ കാണുന്ന അലങ്കാരത്തയ്യലുകളുടെ പേരെഴുതുക.




7. താഴെ കാണുന്ന ചിത്രങ്ങൾ ഏത് കൃഷി രീതി ആണെന്ന് എഴുതുക.



A B

8. സോപ്പ് നിർമ്മാണത്തിന് ആവശ്യമായ സാധന സാമഗ്രികൾ ഏതെല്ലാം?

**താഴെ പറയുന്ന രണ്ട് ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരം എഴുതുക.**

9. പൈപ്പ് കമ്പോസ്റ്റ് നിർമ്മാണവും ഉപയോഗവും ചിത്രം സഹിതം വിവരിക്കുക

അല്ലെങ്കിൽ

10. ഒരു പെരിസ്കോപ്പിന്റെ നിർമ്മാണം ചിത്രം സഹിതം വിവരിക്കുക.

## വിഭാഗം 3 - ആരോഗ്യ കായിക വിദ്യാഭ്യാസം

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

1. കടൽത്തീരത്ത് അപകടങ്ങളിൽ പെടുന്നവരെ രക്ഷിക്കുന്നതിനും മുന്നറിയിപ്പുകൾ നൽകുന്നതിനും നിയുക്തനായ ആൾ ?
   (ഫോറസ്റ്റ് ഗാർഡ്, ലൈഫ് ഗാർഡ്, ഫയർമാൻ, സെക്യൂരിറ്റി ഗാർഡ്)
2. ജലയാത്ര വാഹനങ്ങളിൽ സാധാരണയായി കാണുന്ന ജീവൻരക്ഷ ഉപകരണം ഏത് ?
   (ബാൻഡേജ്, ലൈഫ് ജാക്കറ്റ്, ഫസ്റ്റ് എയ്ഡ് ബോക്സ്, പാരച്യൂട്ട്)
3. ബലം പ്രയോഗിക്കുന്നതിനുള്ള പേശികളുടെ കഴിവിനെ ------------ എന്ന് പറയുന്നു.
   (വേഗം, പേശീശക്തി, ചുറുചുറുക്ക്, അയവ്)
4. വെള്ളത്തിൽ സ്വജീവനും മറ്റുള്ളവരുടെ ജീവനും സംരക്ഷിക്കുന്നതിന് അത്യാവശ്യം അറിഞ്ഞിരിക്കേണ്ട കാര്യം ഏത് ?
   (നീന്തൽ, റണ്ണിങ്ങ്, സൈക്ലിങ്ങ്, ഡ്രൈവിങ്ങ്)